കൊച്ചി മെഡിക്കൽ കോളേജിനായി ചെലവഴിച്ച തുക

159 (526) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത ശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിന്റെ ഫണ്ടിൽ നിന്നും എത്ര തുക ചെലവാക്കി ; പ്രസ്തുത തുക നൽകിയത് കേപ്പിന്റെ അറ്റാദായത്തിൽ നിന്നോ ഓവർഡ്രാഫ്റ്റ് എടുത്താണോ ; വിശദാംശം നൽകുമോ ;

(ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത ശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) തുക ചെലവഴിച്ച കേപ്പ് ഡയറക്ടറുടെ നടപടി ക്രമവിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത ശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിന്റെ ഫണ്ടിൽനിന്നും 13.18 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 13,18,45,161 കോടി രൂപ കേപ്പിന്റെ കൈവശമുള്ള തുകയിൽ നിന്നാണ് കൊടുത്തത്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-5-2014, 5-3-2015 എന്നീ തീയതികളിൽ കൂടിയ ഉന്നതതല യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേപ്പിൽനിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ഉണ്ട്. ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന -ജില്ലാ സഹകരണ ബാങ്കുകളുടെ ഓഹരി മൂലധനം

160 (527) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിലവിലുള്ള ഓഹരി മൂലധനം എത്രവീതമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിസർവ് ബാങ്ക് അംഗീകാരം ഇല്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ നിലവിലുണ്ടോ ; അവ ഏതൊക്കെ ; അംഗീകാരം ലഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും 2016-17-ൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകൾ ഇനിയും പാലിക്കേണ്ടതായിട്ടുണ്ട്; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) 2017-18-ൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നതിലേക്ക് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും എന്തെല്ലാം നിബന്ധനകൾ ഏതെല്ലാം നിലയിൽ പാലിക്കേണ്ടതായിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിലവിലുള്ള ഓഹരി മൂലധനം 31-3-2015-ലെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ലാ സഹകരണ ബാങ്കുകൾ	തുക (ലക്ഷത്തിൽ)
1	തിരുവനന്തപുരം	4798.55
2	കൊല്ലം	7449.35
3	പത്തനംതിട്ട	4485.84
4	ആലപ്പുഴ	10069.56
5	കോട്ടയം	9685.49
6	ഇടുക്കി	12265.58
7	എറണാകുളം	2444.85
8	തൃശ്ശൂർ	8908.40
9	പാലക്കാട്	2772.60
10	മലപ്പുറം	7775.10
11	കോഴിക്കോട്	8538.31
12	വയനാട്	2391.29
13	കണ്ണൂർ	2438.56
14	കാസർഗോഡ്	2272.38
15	കേരള സംസ്ഥാന സഹകരണ ബാങ്ക്	67873.80

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) റിസർവ് ബാങ്ക് അംഗീകാരമില്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ നിലവിലില്ല. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ 2014-15, 2016-17 വർഷങ്ങളിൽ യഥാക്രമം 7%-ഉം 9%-ഉം മൂലധന പര്യാപ്തത (CRAR) കൈവരിക്കണമെന്ന നിർദ്ദേശം റിസർവ് ബാങ്ക് നൽകിയിരുന്നു. നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കുന്നതിനുള്ള സത്വര നടപടികൾ ബാങ്കുകൾ സ്വീകരിച്ചു വരികയാണ്.

ഉത്തേജന പലിശ ഇളവ് പദ്ധതി

161 (528) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തേജന പലിശ ഇളവ് പദ്ധതി എന്നു മുതലാണ് ആരംഭിച്ചത് ; പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ എത്ര പേർക്ക് പലിശ സബ്സിഡി ഇളവ് നൽകിയിട്ടുണ്ട് ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉത്തേജന പലിശ ഇളവ് പദ്ധതി 2012-13 വർഷം മുതലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ 30266 പേർക്ക് പലിശ സബ്സിഡി നൽകിയിട്ടുണ്ട്. ഇതിനായി 4,85,56,998 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി ഇളവിന് അർഹതയുള്ളൂ. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന പരമാവധി 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡിയായി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly